**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1865

04.05.2017 ൽ മറുപടിക്ക്

## കരകൗശല വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി

**ചോദ്യം**

ശ്രീ.സി.കെ.ഹരീന്ദ്രൻ
ശ്രീമതി.വീണാ ജോർജ്ജ്
ശ്രീ.ആർ.രാജേഷ്
ശ്രീ.പുരുഷൻ കടലുണ്ടി

**ഉത്തരം**

ശ്രീ.എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

(എ) കരകൗശല വികസന കോർപറേഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(എ) ഉണ്ട്. കരകൗശല വികസന കോർപറേഷന് ഇന്ത്യയിലുടനീളമായി 19 വിൽപ്പന ശാലകളും ഒരു കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററും ഉണ്ട്. കരകൗശല തൊഴിലാളികളിൽ നിന്നും കരകകൗശല ഉൽപ്പന്നങ്ങൾ ന്യായമായ വിലയ്ക്ക് വാങ്ങി കോർപറേഷൻ വിൽപ്പനശാലകൾ വഴി വിൽക്കുന്നു. കോർപറേഷന്റെ കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററിൽ കരകൗശല തൊഴിലാളികൾക്ക് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടുകൂടി കരകൗശല വികസന കോർപറേഷൻ കരകൗശല തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ എക്സിബിഷനുകൾ, ക്രാഫ്റ്റ് ബസാറുകൾ എന്നിവ വഴി ഇന്ത്യയിലുടനീളം കരകൗശല തൊഴിലാളികൾക്ക് നേരിട്ട് വിപണനം നടത്തുവാൻ സാഹചര്യം ഒരുക്കി കൊടുക്കുന്നു. ഇവ കൂടാതെ വിവിധതരം പരിശീലന പരിപാടികളും കരകൗശല തൊഴിലാളികൾക്കായി നടപ്പിലാക്കി വരുന്നു. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ കോർപറേഷന്റെ ധനസഹായത്തോടുകൂടി കരകൗശല തൊഴിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുകയും ചെയ്യുന്നു.

(ബി) ഈ മേഖലയിലെ തൊഴിലാളികളുടെ വേതനവും, തൊഴിൽ സാഹചര്യവും പരിതാപകരമായതിനാൽ അതു പരിഹരിക്കാൻ പദ്ധതിയുണ്ടോ;

(ബി) ഈ മേഖലയിലെ തൊഴിൽ സാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കരകൗശല വികസന കോർപറേഷൻ കരകൗശല തൊഴിലാളികൾക്കായി ഡിസൈൻ വർക്ക്ഷോപ്പുകൾ, ആധുനിക ടൂൾകിറ്റുകളുടെ വിതരണം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു. ഇത് കൂടാതെ കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ സാഹചര്യങ്ങളുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിലേ

ക്കായി 4 വിവിധ ക്ലാസ്റ്ററുകളിൽ പുതിയ കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകൾ സ്ഥാപിക്കുന്നത് ലക്ഷ്യമിടുന്നു.

| | |
|---|---|
| (സി) ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ കോർപറേഷന്റെ ധനസഹായത്തോടുകൂടി കരകൗശല വികസന കോർപറേഷൻ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പാക്കുന്നതെന്ന് അറിയിക്കുമോ; | (സി) പിന്നോക്ക വിഭാഗത്തിൽപ്പെട്ട കരകൗശല തൊഴിലാളികൾക്ക് സ്വയം തൊഴിൽ വായ്പ പദ്ധതി 6% പലിശ നിരക്കിൽ രണ്ടുലക്ഷം രൂപ വരെ നൽകിവരുന്നു. സ്ത്രീകളായ കരകൗശല തൊഴിലാളികൾക്ക് പലിശയിൽ പ്രത്യേക ഇളവും അനുവദിക്കുന്നുണ്ട്. |
| (ഡി) പ്രസ്തുത കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ യെന്ന് വ്യക്തമാക്കുമോ? | (ഡി) കരകൗശല വികസന കോർപറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ വേണ്ട നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. കരകൗശല മേഖലയുടെ ഉന്നമനം ലക്ഷ്യമിട്ട് കോർപറേഷൻ സമർപ്പിക്കുന്ന വിവിധ പ്രൊജക്ടുകൾ പരിശോധിച്ച് അനുയോജ്യമായ സ്കീമുകളിൽ ഉൾപ്പെടുത്തി അവയുടെ നടത്തിപ്പിനായി സർക്കാർ ധനസഹായം അനുവദിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1866 — 04.05.2017 ൽ മറുപടിക്ക്

## കരകൗശല വ്യവസായ സംരക്ഷണത്തിനായി പദ്ധതികൾ

**ചോദ്യം**

ശ്രീ.എം.സ്വരാജ്

**ഉത്തരം**

ശ്രീ.എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ കരകൗശല വ്യവസായത്തിന്റെ സംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നു എന്ന് അറിയിക്കുമോ;

(എ) സംസ്ഥാനത്തെ കരകൗശല വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനും അവയെ സംരക്ഷിക്കുന്നതിനും ക്രിയാത്മക നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. കരകൗശല മേഖലയിൽ തൊഴിലാളികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് 'Assistance Scheme for Handicraft Artisans (ASHA)' എന്ന പദ്ധതി, വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി പദ്ധതി, കരകൗശല ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, പൊതു സേവന കേന്ദ്രങ്ങൾ സ്ഥാപിക്കൽ, കരകൗശല മേഖലയുടെ നവീകരണത്തിനും വിപണനത്തിനുമായി പദ്ധതി എന്നിവ നടപ്പാക്കിവരുന്നു. കരകൗശല തൊഴിലാളികളുടെ പ്രോത്സാഹനത്തിനായി ദേശീയ അവാർഡിന്റെ മാതൃകയിൽ സംസ്ഥാന അവാർഡുകൾ നൽകുന്ന പദ്ധതിയും നടപ്പാക്കി വരുന്നു.

കരകൗശല വികസന കോർപറേഷൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ആന്റ് പ്രൊമോഷൻ ഓഫ് ഹാന്റിക്രാഫ്റ്റ്സ് (ഐ.ഡി.പി.എച്ച്) എന്ന പദ്ധതിയും ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപറേഷന്റെ സഹായത്തോടെ പിന്നോക്ക വിഭാഗത്തിൽപ്പെട്ട കരകൗശല തൊഴിലാളികൾക്ക് സ്വയം തൊഴിൽ വായ്പ കുറഞ്ഞ പലിശ നിരക്കിൽ നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.

കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപറേഷൻ സ്ത്രീകളുടെ ശാക്തീകരണം ലക്ഷ്യമാക്കി സർക്കാർ ധനസഹായത്തോട വസ്ത്രഗ്രാമം എന്ന പദ്ധതി, പ്രീമിയം റീട്ടെയിൽ സുവനീർ ചെയിൻ പദ്ധതി, ഗുരുകുലം - റീ-ഡിസൈൻഡ് ക്ലാസ്റ്റർ നവീകരണ പദ്ധതി, പൊതു സേവന കേന്ദ്രങ്ങൾ, നൃസ്വർണ്ണിമ പദ്ധതി എന്നിവ നടപ്പാക്കി വരുന്നു.

| | |
|---|---|
| (ബി) ഈ പദ്ധതികളുടെ വിശദാംശം അറിയിക്കുമോ; | (ബി) കരകൗശല മേഖലയിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിനും ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനും സാമ്പത്തിക സഹായം നൽകി കരകൗശല തൊഴിലാളികളെ സ്വയം പര്യാപ്തരാക്കുന്നത് ലക്ഷ്യമിട്ടാണ് 'Assistance Scheme for Handicraft Artisans (ASHA)' എന്ന പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ കരകൗശല സംരംഭം ആരംഭിക്കുന്നതിനുവേണ്ട സ്ഥിര നിക്ഷേപത്തിന്റെ 40% (പരമാവധി രണ്ട് ലക്ഷം രൂപ വരെ) ഒറ്റത്തവണ ഗ്രാന്റായി നൽകുന്നു. വനിതകൾ, പട്ടികജാതി/പട്ടിക വർഗ്ഗ സംരംഭകർ, യുവാക്കൾ എന്നീ പ്രത്യേക വിഭാഗങ്ങൾ ആരംഭിക്കുന്ന കരകൗശല സംരംഭങ്ങളുടെ സ്ഥിര നിക്ഷേപത്തിന്റെ 50%(പരമാവധി മൂന്നു ലക്ഷം രൂപ വരെ) ഒറ്റത്തവണ ഗ്രാന്റായി നൽകുന്നു. വർക്ക് ഷെഡ്ഡുകൾ നിർമ്മിക്കുക, ആധുനിക മെഷിനറികളും ഉപകരണങ്ങളും വാങ്ങുക, ടെക്നോളജി, ഡിസൈൻ എന്നിവ സ്വായത്തമാക്കുക തുടങ്ങിയ ആവശ്യങ്ങൾക്ക് സംരംഭകർ നടത്തുന്ന നിക്ഷേപം ഗ്രാന്റ് അനുവദിക്കുന്നതിന് പരിഗണിക്കുന്നു.<br>കരകൗശല മേഖലയിൽ ക്ലസ്റ്റർ വികസന പദ്ധതി പ്രകാരം വാഴനാര്, കൈത, ഓട്, കളിമൺ പാത്ര നിർമ്മാണം, തടി, ലോഹം എന്നീ വിഭാഗങ്ങളിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള പതിനൊന്ന് ക്ലസ്റ്ററുകൾ കരകൗശല വികസന കോർപറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപറേഷൻ, സുരഭി എന്നീ സ്ഥാപനങ്ങൾ മുഖേന ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ മേൽ നോട്ടത്തിൽ നടപ്പിലാക്കിവരുന്നു.<br>കരകൗശല മേഖലയിൽ ആവശ്യമായ പരിശീലനം നൽകുന്നതിനും തൊഴിലാളികൾക്ക് ഒറ്റക്ക് ചെയ്യുന്നതിന് ചെലവേറിയതും ബുദ്ധിമുട്ടുള്ളതുമായ പ്രവർത്തനങ്ങൾ ഒരു കേന്ദ്രത്തിൽ ആവശ്യക്കാർക്ക് മിതമായ നിരക്കിൽ ലഭ്യമാക്കുക എന്ന ഉദ്ദേശ ലക്ഷ്യത്തോടെ തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ ക്ലസ്റ്ററുകൾ മുഖേന പൊതു സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br>കരകൗശല മേഖലയിൽ ഉൽപാദന ക്ഷമത കുറവായതും ഈ തൊഴിലിൽ |

ഏർപ്പെട്ടിരിക്കുന്നവർക്ക് സ്ഥിരവും ഭേദപ്പെട്ടതുമായ കൂലി ലഭിക്കാത്തതും കാരണം പുതിയ തലമുറ ഈ മേഖലയിൽ കടന്നുവരാൻ കാണിക്കുന്ന വിമുഖതയ്ക്കും തൊഴിലാളികൾ മറ്റുമേഖലകളിലേക്ക് മാറിപോകുന്ന പ്രവണതയ്ക്കും പരിഹാരമായി കരകൗശല മേഖലയുടെ നവീകരണവും വിപണന സഹായവും പദ്ധതിയിലൂടെ ഈ മേഖലയിൽ ഭാഗികമായ ആധുനിക വൽക്കരണം കരകൗശല വികസന കോർപറേഷൻ, കാഡ്കോ, സുരഭി എന്നീ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്നു. കരകൗശല ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി ഓൺലൈൻ മാർക്കെറ്റിംഗ് സംവിധാനത്തോടൊപ്പം ഷോറൂമുകൾ മുഖേന ആഭ്യന്തര വിപണനം ശക്തിപ്പെടുത്തി വരുന്നു. ടൂറിസം വകുപ്പുമായി ചേർന്ന് കേരളത്തനിമയോടുകൂടിയ വിവിധയിനം സുവനീറുകൾ വിപണനം നടത്തുവാൻ പദ്ധതി ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കരകൗശല തൊഴിലാളികളുടെ പ്രോത്സാഹനത്തിനായി ദേശീയ അവാർഡിന്റെ മാതൃകയിൽ സംസ്ഥാന അവാർഡുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. കരകൗശല തൊഴിലാളികളുടെ മികവിനും മേഖലയ്ക്കും സമൂഹത്തിനും അവർ നൽകിയ സംഭാവനകൾക്കും അംഗീകാരം നൽകുന്നതിനുമായി തെരഞ്ഞെടുക്കപ്പെടുന്ന സൃഷ്ടികൾക്ക് അവാർഡ് നൽകുന്നു. അവാർഡ് തുകയായി 50,000/- രൂപയും പ്രശസ്തി പത്രവും നൽകുന്നു. ഏഴ് കരകൗശല മേഖലകളിൽ അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. അവാർഡ് നേടുന്നവർക്ക് പ്രതിമാസം 3500/-രൂപ പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ട്.

കരകൗശല വികസന കോർപറേഷൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ആന്റ് പ്രൊമോഷൻ ഓഫ് ഹാന്റിക്രാഫ്റ്റ്സ് (ഐ.ഡി.പി.എച്ച്) എന്ന പദ്ധതി പ്രകാരം കരകൗശല തൊഴിലാളികളുടെ ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ട് സംസ്ഥാനത്തുടനീളം പ്രദർശന വിൽപ്പന മേളകൾ, തൊഴിൽ പരിശീലനം, നവീന കരകൗശല വസ്തുക്കളുടെ നിർമ്മാണം, ക്ലസ്റ്ററുകൾ, പൊതു സേവനകേന്ദ്രങ്ങൾ, ടൂൾകിറ്റുകൾ, അവബോധന ക്ലാസ്സുകൾ തുടങ്ങിയവ നടത്തി വരുന്നു. കൂടാതെ ദേശീയ പിന്നോക്ക

വിഭാഗ ധനകാര്യ വികസന കോർപറേഷന്റെ സഹായത്തോടെ പിന്നോക്ക വിഭാഗത്തിൽപ്പെട്ട കരകൗശല തൊഴിലാളികൾക്ക് സ്വയം തൊഴിൽ വായ്പ കുറഞ്ഞ പലിശ നിരക്കിൽ നൽകി വരുന്നു.

കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപറേഷൻ സ്ത്രീകളുടെ ശാക്തീകരണം ലക്ഷ്യമാക്കി സർക്കാർ ധനസഹായത്തോട വസ്ത്രഗ്രാമം എന്ന പദ്ധതി, പ്രീമിയം റീട്ടെയിൽ സുവനീർ ചെയിൻ പദ്ധതി, ഗുരുകുലം റീ-ഡിസൈൻഡ് ക്ലാസ് റൂം നവീകരണ പദ്ധതി, പൊതു സേവന കേന്ദ്രങ്ങൾ, നൃസ്വർണ്ണിമ പദ്ധതി എന്നിവ നടപ്പാക്കി വരുന്നു.

(സി) ഈ പദ്ധതികളിലൂടെ കരകൗശല തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ ലഭ്യമാക്കുമെന്ന് അറിയിക്കുമോ ?

(സി) കരകൗശല മേഖലയിൽ നടപ്പിലാക്കിയ 'Assistance Scheme for Handicraft Artisans (ASHA)' എന്ന പദ്ധതിയിലൂടെ കരകൗശല തൊഴിലാളികൾക്ക് ആവശ്യമായ ധനസഹായം നൽകി അവരെ സംരംഭകരാക്കി മാറ്റാനും കരകൗശല മേഖലയുടെ സമഗ്ര വികസനത്തിനും കരകൗശല തൊഴിലാളികളുടെ വരുമാന വർദ്ധനവിനും ഈ പദ്ധതിയിലൂടെ സാധിക്കുന്നു.

കരകൗശല മേഖലയിൽ ആവശ്യമായ പരിശീലനം നൽകുന്നതിനും തൊഴിലാളികൾക്ക് ഒറ്റക്ക് ചെയ്യുന്നതിന് ചെലവേറിയതും ബുദ്ധിമുട്ടുള്ളതുമായ പ്രവർത്തനങ്ങൾ ഒരു കേന്ദ്രത്തിൽ ആവശ്യക്കാർക്ക് മിതമായ നിരക്കിൽ ലഭ്യമാക്കുക എന്ന ഉദ്ദേശ ലക്ഷ്യത്തോടെ തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ ക്ലസ്റ്ററുകൾ മുഖേന പൊതു സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കരകൗശല മേഖലയുടെ നവീകരണവും വിപണന സഹായവും പദ്ധതിയിലൂടെ കരകൗശലതൊഴിലാളികളുടെ ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും കൂടുതൽ വരുമാനം നേടുന്നതും ലക്ഷ്യമിടുന്നു.

സംസ്ഥാന സർക്കാർ കരകൗശല മേലയിൽ അവാർഡുകൾ ഏർപ്പെടുത്തുക വഴി ഈ മേഖലയിൽ പ്രവർത്തിക്കുന്നതിന് നൂതന ആശയങ്ങൾ പരീക്ഷിക്കുന്നതിനും പുതുതലമുറയെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും പ്രചോദനമാകുന്നു. കരകൗശല അവാർഡ്, മെറിറ്റ് സർട്ടിഫിക്കേറ്റ് എന്നിവ ഏർപ്പെടുത്തിയത് വഴി തങ്ങൾ സമൂഹത്തിൽ

അംഗീകരിക്കപ്പെടുന്നുണ്ടെന്ന ബോധം കരകൗശല കലാകാരന്മാർക്ക് ഉണ്ടാക്കുന്നതിന് സഹായകരമാകുന്നു. അവാർഡ് ലഭിക്കുന്നവർക്ക് കേന്ദ്രസർക്കാർ ഏർപ്പെടുത്തിയിട്ടുള്ള പ്രതിമാസം 3500/- രൂപ ലഭിക്കുന്ന കരകൗശല പെൻഷനും അർഹത ലഭിക്കുന്നു.

സെക്ഷൻ ഓഫീസർ

## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1868

04.05.2017 - ൽ മറുപടിക്ക്.

### അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

ചോദ്യം
ശ്രീ. എ. എം. ആരിഫ്

മറുപടി
ശ്രീ. എ. സി. മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).

(എ) ആലപ്പുഴ ജില്ലയിലെ അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ വ്യവസായ വകുപ്പിന്റെ അധീനതയിൽ ആകെ എത്ര ഏക്കർ സ്ഥലമുണ്ട്. ഇതിൽ എത്ര ഏക്കർ സ്ഥലം വ്യവസായികൾക്ക് നൽകിയിട്ടുണ്ട് ; ഈ സ്ഥലം ഏതൊക്കെ വ്യവസായികൾക്കാണ് നൽകിയിട്ടുള്ളത് ; എത്ര സെന്റ് വസ്തു വീതമാണ് നൽകിയിട്ടുള്ളത് ; വിശദമാക്കാമോ ?

എ) : ആലപ്പുഴ ജില്ലയിലെ അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ വ്യവസായ വകുപ്പിന്റെ അധീനതയിൽ 62.9 ഏക്കർ ഭൂമി ഉണ്ട്. ഇതിൽ 51.5088 ഏക്കർ ഭൂമി വ്യവസായികൾക്ക് നൽകിയിട്ടുണ്ട്. ഭൂമി അനുവദിച്ചിട്ടുള്ളവരുടെയും ഓരോരുത്തർക്കും അനുവദിച്ച ഭൂമിയുടെയും വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

അനുബന്ധം

## INDUSTRIAL DEVELOPMENT AREA ,AROOR

| Sl No. | Area Of Plot | Allottees Name | Allottees Address | Address Of Unit |
|---|---|---|---|---|
| 1 | 31 | Jolly M.V | Jolly M.V, Maliyekkal House, Eda Kochi | Alginate Industries DA Aroor |
| 2 | 6 | R. Balakrishnan Nair | R. Balakrishnan Nair, Neelas, Karamana P.O, Thiruvananthapuram | Alshine Industries DA Aroor |
| 3 | 18.6 | Omana Muraleedharan | Omana Muraleedharan, Vadakkechakkanattu, Kumbalam, Kochi | Amrutha Metal Finish DA Aroor |
| 4 | 105.85 | P.K. Raju | P.K. Raju, Pulluvelil House, Karippadom P.O., Thalayolaparambu, Kottayam | Arbee Aquatic Proteins (P) Ltd. DA Aroor |
| 5 | 7 | Jeevan, S. Hareesh & S. Arun, | Managing Partner, Asian Pacific composite, Aroor-688334 | Asia Pacific Composite DA Aroor |
| 6 | 95 | K. Retnambika | K. Retnambika, Nadanveettil, Kollam | Aswathy Spun Pipes DA Aroor |
| 7 | 100 | P. Akbar Badhsha | P. Akbar Badhsha, Rayyan, R. K. Pillai Road, Chullickal, Kochi | Badhsha Marine Exports (p) Ltd. DA Aroor |
| 8 | 12 | M.K. Baby | M.K. Baby | Blue Star Industries DA Aroor |
| 9 | 300 | N.S. Ghia | N.S. Ghia, 18, Car Michael Road, Mumbai-400026 | Bristol Boat(Chika Pvt. Ltd.) DA Aroor |
| 10 | 14 | Omana Muraleedharan | Omana Muraleedharan, Vadakkechakkanattu, Kumbalam, Kochi | Charis Food Products DA Aroor |
| 11 | 50 | M.T. Antony | M.T. Antony, G/297, Panampally Nagar, Kochi | Classic paints DA Aroor |
| 12 | 33.5 | M.T. Antony | M.T. Antony, G/297, Panampally Nagar, Kochi | Classic paints DA ARoor |
| 13 | 19.25 | Elsy Abraham | Elsy Abraham, Managing Partner, M/s. Cochin Lumber & Treated products, Aroor-688 634 | Cochin Lumber and Treated Products DA Aroor |
| 14 | 232 | Yasin Basheer | Yasin Basheer, 8/2058, Manthara Road, Kappalandi mukku, Kochi-2 | Cochin Oil Industres DA Aroor |
| 15 | 14.6 | S. Santhosh | S. Santhosh, Neelas, Karamana P.O, Thiruvananthapuram | Cooking Systems DA Aroor |
| 16 | 20 | V.T. Joseph | V.T. Joseph, Vazhakuzha, Erattupetta | Deepa Industries DA Aroor |
| 17 | 55.5 | Jabir K.A | Jabir K.A., 12/1001, Panampally Nagar, Kochi | Dolphin Wires Pvt. Ltd. DA Aroor |
| 18 | 50 | Saifudeen | Saifudeen, Pulimootil Parambil,chuttupadakara, Edappally | Eastern Chemicals DA Aroor |

| | | | | |
|---|---|---|---|---|
| 19 | 169 | T.R. Reghulal | T.R. Reghulal, 6/494, Elite Gardens, Puzhakkal P.O, Thrissur | Elite Foods (P) Ltd DA Aroor |
| 20 | 25 | Brijesh R. Nair | "Brijesh R. Nair, Ambily, Palarivattom" | Essence Biotech DA Aroor |
| 21 | 26 | P.M. Mohammed | P.M. Mohammed, 14/1999 A, Chullickal, Kochi | Evershine Cartons DA Aroor |
| 22 | 45.55 | Koshy Thomas | Koshy Thomas, 33/879 D, Vennala P.O., EKM | Fab Dye Chem DA Aroor |
| 23 | 50 | Salim V.I. | Salim V.P., Valiyakath House, Thrissur | Fair Exports DA Aroor |
| 24 | 20 | M. M. Muhammed Hazeer | M. M. Mohammed Hazeer, Madathil House, Kanjirappally P.O | Fathima Rubber Industries DA Aroor |
| 25 | 43 | M.S. Anas | M.S. Anas, Manalumpara House, Aroor | Frontline Exports (P) Ltd. DA Aroor |
| 26 | 43.266 | Sagheer | Sagheer, Mg. Partner, Padinjareveettil, Azheekode, Kodungalloor | Grand Marine Foods DA Aroor |
| 27 | 142.5 | Sagheer | Sagheer, Mg. Partner, Padinjareveettil, Azheekode, Kodungalloor | Grand Marine Foods DA Aroor |
| 28 | 20 | Cheriyan Kurian | Cherian Kurian ,9 A Link Heights, Panampally Nagar, Kochi | HIC-ABF Special Foods D.A Aroor |
| 29 | 23 | Cherian Kurian | Cherian Kurian ,9 A Link Heights, Panampally Nagar, Kochi | HIC-ABF Special Foods DA Aroor |
| 30 | 34.22 | Cherian Kurian | Cherian Kurian ,9 A Link Heights, Panampally Nagar, Kochi | HIC-ABF Special Foods DA Aroor |
| 31 | 20 | Cherian Kurian | Cherian Kurian ,9 A Link Heights, Panampally Nagar, Kochi | HIC-ABF Special Foods DA Aroor |
| 32 | 92 | Cherian Kurian | Cherian Kurian ,9 A Link Heights, Panampally Nagar, Kochi | HIC-ABF Special Foods DA Aroor |
| 33 | 44.25 | Cherian Kurian | Cherian Kurian ,9 A Link Heights, Panampally Nagar, Kochi | HIC-ABF Special Foods DA.Aroor |
| 34 | 33.34 | Sidhaarthan K K | Sidharthan K.K, Kallada House, Vellany, Iringalakkuda | High Tec Coattings DA Aroor |
| 35 | 10 | E.K.Sachithanandan | E.K.Sachithanandan,M/S. Hindustan Engineers DA AROOR | Hindustan Engineers DA AROOR |

| | | | | |
|---|---|---|---|---|
| 36 | 31 | Jeevan | Jeevan, 20/599, Samudra House, Eda Kochi, Kochi-10 | Hindustan Marketing Corporation DA Aroor |
| 37 | 16 | Johnson Chacko | Johnson Chacko, Chirayath House, Kochi-6 & M.V. Issac Edappally | Infrasales (P) Ltd. DA Aroor |
| 38 | 63 | Azhar Abdul Hameed | Azhar Abdul Hameed, Puthenpurackal, Kazhakoottam | Integrated Rubian Exports DA Aroor |
| 39 | 18 | C.G Kanthi Bai | C.G Kanthi Bai, Prem Nivas, Water Land Road, Palluruthy | International Freez Fish Exports DA Aroor |
| 40 | 22.5 | C.G Kanthi Bai | C.G Kanthi Bai, Prem Nivas, Water Land Road, Palluruthy | International Freez Fish Exports DA Aroor |
| 41 | 16.917 | Krishnakumar.K. | Krishnakumar.K. Nellikunnath, Muttom P.O, Haripad | J.K. Industries DA Aroor |
| 42 | 50 | Stanley P. John | Stanley P. John, Ponmala, Thevara | Jemson Starch & Derivatibves DA Aroor |
| 43 | 185 | Dominic Sebastian | Dominic Sebastian, 76 Kairally Appartment, Panampally Nagar,Kochi | Jis International Exports Pvt. Ltd. DA Aroor |
| 44 | 32 | K.A. Kochumuhammed | K.A. Kochumuhammed, Kaithakkaparambil House, Azhikode P.O, Thrissur | K.M. Fisheries DA Aroor |
| 45 | 50 | Kanna Raj | MTC XX/959, Karamana Thiruvanamthapuram | Kan oil Industries DA Aroor |
| 46 | 37 | N.X. George | "N.X. George, 39/4525, Ettuparayil House, K.C. Abraham Mash Road, Panampally Nagar, Kochi" | Kode Industrial Chemicals DA Aroor |
| 47 | 11 | Francis John | Francis John, Mampally House, Chekkaparambu | Kreem Drinks (P) Ltd. DA Aroor |
| 48 | 48.85 | Simon John | Simon John, Ponneth Temple Road, Kadavanthara, Ernakulam | Kreem Foods DA Aroor |
| 49 | 20.75 | B. Manohar | Manohar, Krishna Nivas, Chakkamadam, Mattancherry | Krishna Flour Mills DA Aroor |
| 50 | 33.495 | K.K. Ramesh | K.K. Ramesh, Asha Nivas, Aroor | Krishna Industries DA Aroor |
| 51 | 18.68 | Shine.C | Shain.-C. K, Rohini, Puthenangadi, Aroor | Lakshmi Engineering Works DA.Aroor |
| 52 | 36 | Sheela William | "Sheela William V/333B, Abraham Tharakan Road Eramalloor, Alappuzha" | Magnum Glass Works DA Aroor |

| | | | | |
|---|---|---|---|---|
| 53 | 16 | M.K. Joseph | M.K. Joseph, Maliyekkal House, Perumpadappu, Palluruthy | Malichem Industries DA Aroor |
| 54 | 12 | Jolly M.V | Jolly M.V, Maliyekkal House, Eda Kochi | Maliyekkal Ice Plant DA Aroor |
| 55 | 10 | M.S. Anas | M.S. Anas, Manalumpara House, Aroor | MANARA BIO PHARMA DA Aroor |
| 56 | 40 | M.R. Premachandra Bhatt | "M.R. Premachandra Bhatt, V/369 Memana House, Kannamali P.O, Kochi" | Mangala Marine Exim (P) Ltd. DA Aroor |
| 57 | 12.35 | M.R. Ashok Bhatt | M.R. Ashok Bhatt, Memana House, Kannamaly P.O., Kochi | Mangala Marine Exim (P) Ltd.DA Aroor |
| 58 | 66 | M.R. Premachandra Bhatt | "M.R. Premachandra Bhatt, V/369 Memana House, Kannamali P.O, Kochi" | Mangala Sea Foods DA Aroor |
| 59 | 70 | M.R. Premachandra Bhatt | M.R. Premachandra Bhatt, Memana House, Kannamali P.O | Mangala Sea Foods DA Aroor |
| 60 | 30 | A.M. Anwar | A.M. Anwar, Anwar Manzil, Chandiroor | MediTech DA Aroor |
| 61 | 20 | Dominic Sebastian | Dominic Sebastian, 76 Kairally Appartment, Panampally Nagar,Kochi | Moon Fishery India Pvt Ltd. DA Aroor |
| 62 | 92.002 | Dominic Sebastian | Dominic Sebastian, 76 Kairally Appartment, Panampally Nagar,Kochi | Moon Fishery India Pvt Ltd. DA Aroor |
| 63 | 3.65 | M.N.Joseph | M.N.Joseph,Mukkath Industries DA Aroor | Mukkath Industries DA Aroor |
| 64 | 24.25 | Usman Koya | Usman Koya 12/1001C,Panayapolli,Kochi 682002 | Nirmala Metal Industries DA Aroor |
| 65 | 156.88 | G. Suseelan | G. Suseelan, 36/1784, Krishna Priya, Eroor Vasudev Road, Palarivattom, Kochi | Nitta Gelatin India Ltd. DA Aroor |
| 66 | 268 | P.M. Mathew | P.M. Mathew, Parayil House, Naranganam, Kottayam | Parayil Food Products DA Aroor |
| 67 | 262 | P.M. Mathew | P.M. Mathew, Parayil House, Naranganam, Kottayam | Parayil Food Products DA Aroor |
| 68 | 29.5 | C.B. Hari | C.B. Hari, Devi Vilas, Poochakkal | Parvathy Devi Ice and Cold Storage DA Aroor |
| 69 | 56 | Philips Thomas | "Philips Thomas, 14-B, Ivory Heights, Mather Products, Parambithara Cross Road, Cochi" | Penvar Products DA Aroor |

| | | | | |
|---|---|---|---|---|
| 70 | 68 | Philips Thomas | Philips Thomas, Choorakkoottil House, 14-B, Ivory Heights, Panampally Nagar | Penvar Products(P)Ltd. DA Aroor |
| 71 | 20 | Sreedharan Nair | Sreedharan Nair, Devikripa, Palluruthy | Pioneer Engineering Works DA Aroor |
| 72 | 132.75 | Karen Nejedly | "Karen Nejedly, Hy Breeseal, 12-B, Thevara" | Praga Marine (P) Ltd. DA Aroor |
| 73 | 10 | Karan Nejedly | "Karen Nejedly, Hy Breeseal, 12-B, Thevara" | Praga marine DA Aroor |
| 74 | 40 | J.R. Nejedly | J.R. Nejedly, Hy Breesea, 12B, Thevara, Kochi-16 | Praga Marine DA Aroor |
| 75 | 36 | Joseph. J. Vayalat | Joseph. J. Vayalat, Vayalat, Kundannor, Ernakulam | Profand Vayalat Cold Storage DA AAroor |
| 76 | 34 | Krishnakumar. P.J | J. Krishnakumar, Director, Q.Froz Trades (P) Ltd, Aroor | Qfroz Trades (P) Ltd DA Aroor |
| 77 | 15 | K.A.Kunjimoideen | K.A.Kunjimoideen, Pearl view Bunglow,Chandiroor, Alappuzha | Rubian Meat exports DA Aroor |
| 78 | 23.6 | Santhosh. B | Santhosh. B, Neelas, Karamana, Tvpm | S.S. Equipments DA Aroor |
| 79 | 50.75 | Jeevan, S. Hareesh & S. Arun | Jeevan, S. Hareesh & S. Arun, 20/599, Samudra House, Eda Kochi, Kochi-10 | Samudra Shipyard DA Aroor |
| 80 | 46 | Jeevan, S. Hareesh & S. Arun, | Jeevan, S. Hareesh & S. Arun, 20/599, Samudra House, Eda Kochi, Kochi-10 | Samudra Shipyard DA Aroor |
| 81 | 55.75 | V.P. Dharsak | V.P. Dharsak, Prakash Bhavan, Pallichal Road, Thoppumpady | Saraswathy Metal IndustriesDA ARoor |
| 82 | 20 | V.K. Raveendra Nath | V.K. Raveendra Nath, Sreedevi Vilasam, 12/187,Koovapadam, Kochi | Saroja Arts Colour Calanders DA Aroor |
| 83 | 50 | S. Lalji | S. Lalji, Chandrika Sadan, Chumkam Ward, Alappuzha | Sea Bay Exports DA Aroor |
| 84 | 40 | Jacob J. Thaliyath | Jacob J. Thaliyath, 10 A Chakolas Colony, Skyline Building, Thevara | Sea Fresh Exports DA Aroor |
| 85 | 14.56 | Sea Food Agents Association | "Sea Food Agents Association CC 16/1283(B), Thoppumpady, Kochi" | SFAA Service Station DA Aroor |
| 86 | 25 | Ahmed Azhar | Ahmed Azhar, Arafath, Danya Road, Nettoor P.O, Ernakulam | Shinvar Wires Ltd DA Aroor |

19

| | | | | |
|---|---|---|---|---|
| 87 | 23.775 | Ahmed Azhar | Ahmed Azhar, Arafath, Danya Road, Nettoor P.O, Ernakulam | Shinwar Wires (P) Ltd. DA Aroor |
| 88 | 20 | G. Unnikrishna Pillai | G. Unnikrishna Pillai, 30/3, Lake Side Avenue, 2nd Main, Mallsandra, Jalahalli West P.O, Bangalore | Silpi Industries DA Aroor |
| 89 | 50 | G. Unnikrishna Pillai | G. Unnikrishna Pillai, 30/3, Lake Side Avenue, 2nd Main, Mallsandra, Jalahalli West P.O, Bangalore | Sindhu Gayathri Kitchen Equipements DA Aroor |
| 90 | 54 | Dr. Stephan Puthumana | Dr. Stephan Puthumana, A-94, Asoka, Marine Drive, Kochi-682031 | Source One Exports (P) Ltd DA Aroor |
| 91 | 5 | Leslin Michael | Leslin Michael, Elamthara, Aroor P.O | St. Augustine Metal Craft DA Aroor |
| 92 | 12.075 | M.S. Anas | M.S. Anas, Manalumpara House, Aroor | Star Ice DA Aroor |
| 93 | 26 | Muhammed Kutty | Muhammed Kutty, Mulakkal, Gardens, Arookutty | Sun Metal Coats DA Aroor |
| 94 | 42 | N.X. George | N.X. George, Ettuparayil, Panampally Nagar, Kochi | Super packaging Industries DA aroor |
| 95 | 25 | Muhammed Tariq Safar | Muhammed Tariq Safar, Shenoy Road, Kaloor, Kochi-682017 | Syda Polylaminates,DA Aroor |
| 96 | 46.4 | George Kurian | George Kurian, Mappilaparambil, Ernakulam | Synthetics & Isolates DA Aroor |
| 97 | 18.1 | M.S.Anas | M.S.Anas Manalumparayil house, Aroor, Alappuzha | Thahira Chemicals DA Aroor |
| 98 | 30 | M.S. Anas | M.S. Anas, Manalumpara House, Aroor | Thahira Chemicals DA Aroor |
| 99 | 20 | Ahmmed Kutty P.M | Ahmmed Kutty P.M, Safeena Manzil, Arookutty | Three Star Maine Exports DA Aroor |
| 100 | 25 | P.T. John | P.T. John, Thazhayil Pushpavilla, Vennala P.O, Kochi | Tyre Tops DA Aroor |
| 101 | 69 | Chetan Shah | Chetan Shah, 8/1055, YNP Trust Road, Koovapadam, Kochi | Universal Oleoresins DA Aroor |
| 102 | 14.75 | K.K. Ramesh | "K.K. Ramesh, Ganapath, Sankar Nagar, Maradu P.O, Ernakulam" | Varada Paints DA Aroor |
| 103 | 74 | Antony M.T. | "Antony M.T., G/297, Panampally Nagar, Kochi" | Varuna Paints DA Aroor |
| 104 | 10 | Latha Surendran | Latha Surendran, Suralayam, Elamakkara, Ernakulam | Veena Industries DA Aroor |
| 105 | 25 | Siyad | Siyad,Pearl House,Vazhicheri | A.S TRADERS |
| 106 | 15.12 | M.S Anas | M.S. Anas, Manalumpara House, Aroor | Thahira Chemicals DA Aroor |

# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1872

04.05.2017-ൽ മറുപടിയ്ക്ക്

## കൊച്ചി കിൻഫ്രാ പാർക്ക്

| ചോദ്യം<br>ശ്രീ.എം.സ്വരാജ് | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനക്ഷേമവും വകുപ്പ് മന്ത്രി) |
|---|---|
| എ) കൊച്ചി കിൻഫ്രാ പാർക്കിന്റെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കുമോ; | എ) കൊച്ചിയിൽ കിൻഫ്ര സ്ഥാപിച്ചിട്ടുള്ള വ്യവസായ പാർക്കുകൾ താഴെ പറയുന്നവയാണ്.<br>1. കിൻഫ്ര ഹൈടെക് പാർക്ക്, കളമശ്ശേരി<br>2. കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്ക്, കാക്കനാട്<br>ഇവയിൽ കളമശ്ശേരിയിലെ ഹൈടെക് പാർക്കിൽ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി 26 വ്യവസായ സംരംഭകർക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്.<br>കാക്കനാട് കിൻഫ്ര സ്ഥാപിച്ച കയറ്റുമതി അധിഷ്ഠിത വ്യവസായ പാർക്കിൽ 15 വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. അവയും പൂർണ്ണ തോതിൽ പ്രവർത്തനസജ്ജമായിട്ടുണ്ട്. |
| ബി) ഇവിടെ വ്യവസായിക-ജലവിതരണ പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായി എന്ന് അറിയിക്കുമോ; | ബി) കാക്കനാട് വ്യവസായ പാർക്കിലെ 45 MLD ജലവിതരണ പദ്ധതിക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കാവശ്യമായ ഇൻടേക്ക് വെല്ലിന് ആവശ്യമായ ഭൂമി പെരിയാറിനടുത്ത് കണ്ടെത്തുകയും അത് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുത്ത ശേഷം പൈപ്പ് ഇടുന്നത് ഉൾപ്പെടെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച് പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാനാണ് കിൻഫ്ര ഉദ്ദേശിക്കുന്നത്.<br>കൂടാതെ കളമശ്ശേരിയിലെ ഹൈടെക് പാർക്കിലെയും 9 MLD ജലവിതരണ പദ്ധതിയുടെ പൈപ്പ് ഇടുന്നത് ഉൾപ്പെടെയുള്ള അനുബന്ധ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇവിടെ ജല ശുചീകരണ പ്ലാന്റിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. ഇവ പൂർത്തീകരിച്ച ശേഷം പ്രസ്തുത പദ്ധതിയും പൂർണ്ണമായും പ്രാവർത്തികമാക്കാനാണ് കിൻഫ്ര ലക്ഷ്യമിടുന്നത്. |
| സി) ഇതിലേയ്ക്കായി എത്ര തുക ആവശ്യമായി വരുമെന്നാണ് പ്രതീക്ഷിക്കുന്നത്; സമയബന്ധിതമായി പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുമോ എന്നറിയിക്കാമോ? | സി) കാക്കനാട്ടെ ജലവിതരണ പദ്ധതിക്ക് 65.1873 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. കളമശ്ശേരിയിലെ പദ്ധതിക്ക് 20 കോടി രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2 പദ്ധതികളും സമയ ബന്ധിതമായി പൂർത്തീകരിക്കാനാണ് കിൻഫ്ര ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത | 04/05/2017 ൽ
നിയമസഭാ ചോദ്യം നമ്പർ 1873 | മറുപടിക്ക്

**<u>മലബാർ സിമന്റ്സ്-ന്റെ മാർക്കറ്റിംഗ് വ്യാപിപ്പിയ്ക്കുന്നതിന് നടപടി</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| എ) മലബാർ സിമന്റ്സ്-ന്റെ മാർക്കറ്റിംഗ് കൂടുതൽ വ്യാപിപ്പിയ്ക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ; ഇതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ; | എ) വിപണി വിപുലീകരിക്കുന്നതിനായി കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ ഒരു സിമന്റ് ഹബ്ബ് സുസജ്ജമാക്കാനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. കൂടാതെ ജില്ലകൾതോറും സഹകരണമേഖലയെ കൂടുതൽ ഫലപ്രദമായ രീതിയിൽ ഉപയോഗിച്ചുകൊണ്ട് മലബാർ സിമന്റ്സ് കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലും ലഭ്യമാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. |
| ബി) ഇതര സംസ്ഥാനങ്ങളിൽ നിന്നുമുള്ള സിമന്റ് ബ്രാൻഡുകൾ കേരളത്തിൽ നന്നായി വിപണി കയ്യടക്കുകയും എന്നാൽ മലബാർ സിമന്റ്സ് പിറകോട്ടു പോവുകയും ചെയ്യുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ മലബാർ സിമന്റ്സ് -ന്റെ വിപണി കൂടുതൽ വ്യാപിപ്പിയ്ക്കുന്നതിന് അടിയന്തര നടപടി | ബി) കേരള സിമന്റ്സ് വിപണിയുടെ 6-8% വരെ വിഹിതമാണ് മലബാർ സിമന്റ്സിനുള്ളത്. എന്നാൽ അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവുമൂലം ഏകദേശം 3 മാസത്തോളം ഉല്പാദനക്കുറവു നേരിടുകയും മലബാർ സിമന്റ്സ് വിപണിയിൽ നിന്ന് വിട്ടുനിൽക്കേണ്ടതായ സാഹചര്യം വരികയുണ്ടായി. ഈ അവസരത്തിൽ സ്വകാര്യ കമ്പനികൾ മലബാർ സിമന്റ്സിന്റെ |

സ്വീകരിയ്ക്കുമോ?

വിപണി കൈയ്യടക്കി. എന്നാൽ മാനേജ്മെന്റിന്റെ സമയോചിതമായ ഇടപെടൽമൂലം അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവു പരിഹരിച്ച് ഉല്പാദനം കാര്യക്ഷമമാക്കുകയും സഹകരണമേഖലയുടെകൂടി സഹായത്തോടെ കൈവിട്ട വിപണി തിരിച്ചുപിടിച്ചുതുടങ്ങുകയും ചെയ്തിട്ടുണ്ട്.

Bindumol K.N
സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത | 04/05/2017 ൽ
നിയമസഭാ ചോദ്യം നമ്പർ 1880 | മറുപടിക്ക്

## നിർമ്മാണ മേഖല പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| എ) അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സിമന്റ് പായ്ക്കറ്റ് ഒന്നിന് നൂറു രൂപ കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സിമന്റ് ബാഗ് ഒന്നിന് ഏകദേശം 50-80 രൂപ കൂടുതലാണ്. |
| ബി) സിമന്റ് കൂടാതെ കമ്പി, മണൽ എന്നീ നിർമ്മാണ സാമഗ്രികളുടെ വിലയും വർദ്ധിച്ചതോടെ സംസ്ഥാനത്ത് നിർമ്മാണ മേഖല പ്രതിസന്ധിയിലാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | ബി) നോട്ടു പ്രതിസന്ധി, ജലദൗർലഭ്യം, ക്വാറി സമരം മുതലായവ കാരണം നിർമ്മാണ മേഖല പ്രതിസന്ധിയിലായിരുന്നു. നിർമ്മാണ മേഖലയിലെ പ്രതിസന്ധിക്കു തൊട്ടു മുൻപ് വിലകൾ, ബില്ലിംഗ് തുക 431/- രൂപയും, ഹോൾ സെയിൽ വില 390/- രൂപയും, റീട്ടെയിൽ വില 420/- രൂപയും, എന്ന നിലവാരത്തിലായിരുന്നു വില്പന നടത്തിയിരുന്നത്. നിർമ്മാണ മേഖലയിലെ പ്രതിസന്ധിയോടുകൂടി സിമന്റിന് ആവശ്യക്കാർ കുറയുകയും ഹോൾസെയിൽ വില 355/- മുതൽ 360/- നിലവാരത്തിലേയ്ക്ക് |

താഴുകയുമുണ്ടായി. ഈ ഹോൾസെയിൽ വിലയും ബില്ലിംഗ് വിലയും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിനുവേണ്ടിയുള്ള ഒരു ശ്രമം നടക്കുന്നതായി അറിയുന്നു. അതിന്റെ ഭാഗമായി ചെറിയ വിലക്കയറ്റം അനുഭവപ്പെട്ടിട്ടുണ്ട്. ബില്ലിംഗ് തുകയിൽ സ്വകാര്യ കമ്പനികൾ കാര്യമായ മാറ്റം വരുത്തിയിട്ടില്ല. മറിച്ച് ചില ആനുകൂല്യങ്ങൾ പിൻവലിക്കുന്നതായി പ്രസ്താവിച്ചിരുന്നു. എന്നാൽ സിമന്റ് ഡീലർ അസോസിയേഷൻ ഇപ്പോൾ കേരളത്തിൽ വിലകൂട്ടി വിൽക്കാനുള്ള സാഹചര്യം ഇല്ല എന്ന നിലപാടിലാണ്.

| | |
|---|---|
| സി) എങ്കിൽ പ്രസ്തുത പ്രതിസന്ധി പരിഹരിക്കുവാൻ സർക്കാർ ഇടപെടുമോ; സിമന്റ് നിർമ്മാതാക്കൾ, വ്യാപാരികൾ, കെട്ടിട നിർമ്മാതാക്കൾ എന്നിവരുടെ പ്രതിനിധികളുമായി ചർച്ച നടത്തുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | സി) ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| ഡി) സർക്കാർ സ്ഥാപനമായ മലബാർ സിമന്റ്സിൽ ഉത്പാദനം വർദ്ധിപ്പിച്ച് പ്രതിസന്ധി മറികടക്കാൻ നടപടി സ്വീകരിക്കുമോ? | ഡി) സർക്കാർ സ്ഥാപനമായ മലബാർ സിമന്റ്സിൽ ഉല്പാദനം വർദ്ധിപ്പിച്ച് പ്രതിസന്ധി മറികടക്കാൻ താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br>1. പ്രവർത്തനരഹിതമായിരുന്ന ചേർത്തലയിലെ സിമന്റ് ഗ്രൈൻഡിംഗ് യൂണിറ്റ് തുറന്ന് പ്രവർത്തനം തുടങ്ങി.<br>2. കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ മലബാർ സിമന്റ്സിന്റെ സിമന്റ് ഹാൻഡിലിംഗ് ഹബ്ബ് തുടങ്ങുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് |

തയ്യാറാക്കാനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

3. വാളയാർ പ്ലാന്റിലെ ഉല്പാദനം കൂട്ടാൻ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

Bindumol K N

സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1881 — 04.05.2017-ൽ മറുപടിയ്ക്ക്

## ഒറ്റപ്പാലം കിൻഫ്ര പാർക്കിന്റെ വികസനം

| ചോദ്യം<br>ശ്രീ.പി.ഉണ്ണി | | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനക്ഷേമവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | ഒറ്റപ്പാലം കിൻഫ്ര പാർക്കിന്റെ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ; | എ) | ഒറ്റപ്പാലത്ത് കിൻഫ്ര സ്ഥാപിച്ച വ്യവസായ പാർക്കുകളിൽ താഴെ പറയുന്ന അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>• റോഡുകൾ<br>• വൈദ്യുതി ലൈനുകൾ<br>• പൈപ്പ് ലൈനുകൾ<br>• മഴവെള്ള സംഭരണി<br>കൂടാതെ 106636 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഫാക്ടറി സമുച്ചയം പൂർത്തീകരിച്ചിട്ടുണ്ട്. |
| ബി) | നിലവിൽ ഏതെല്ലാം സ്ഥാപനങ്ങൾ ആണ് ഒറ്റപ്പാലം കിൻഫ്ര പാർക്കിൽ പ്രവർത്തിച്ചു വരുന്നത്; വിശദാംശം നല്കാമോ; | ബി) | കിൻഫ്ര നിർമ്മിച്ച ഫാക്ടറി കെട്ടിട സമുച്ചയം M/s Blissful Garments Private Limited എന്ന വസ്ത്ര നിർമ്മാണ കമ്പനിക്ക് അലോട്ട് ചെയ്തിട്ടുണ്ട്. അവർ അവരുടെ പ്രവർത്തനങ്ങൾ ഭാഗികമായി ആരംഭിച്ചിട്ടുണ്ട്. കൂടാതെ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി പ്രസ്തുത പാർക്കിൽ താഴെ പറയുന്ന വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്: |

| Sl. No | Name of the Party | Area(in acres) | Area (in Sq.ft) |
|---|---|---|---|
| 1 | Additional Skill Acquisition Programme (ASAP), Department of Higher Education, GOK | 1.00 | - |
| 2 | Mr.Subin K.N. | 0.12 | - |
| 3 | Mr.Vineeth Kumar | 0.05 | - |
| 4 | Mr.Asif | 0.07 | - |
| 5 | M/s Skyniche Internet Business Solutions & Services | - | 851 |
| 6 | M/s Micro Clouds | - | 723 |

| | |
|---|---|
| **സി)** ഒറ്റപ്പാലം കിൻഫ്രാ പാർക്കിൽ ആരംഭിക്കുന്ന പ്രതിരോധ പാർക്കിലേക്ക് നിക്ഷേപകരെ കണ്ടെത്തുന്നതിനായി എന്തെല്ലാം നടപടികൾ ആണ് നാളിതുവരെ സ്വീകരിച്ചത്; വിശദാംശം ലഭ്യമാക്കുമോ? | **സി)** ഒറ്റപ്പാലത്ത് 60 ഏക്കറിൽ സ്ഥാപിക്കുന്ന പ്രതിരോധ പാർക്കിന്റെ നിക്ഷേപകരെ ആകർഷിക്കുന്നതുമായി ബന്ധപ്പെട്ട് കിൻഫ്ര കേന്ദ്ര പ്രതിരോധ മന്ത്രാലയവുമായും വാണിജ്യ സംഘടനകളായ Confederation of Indian Industry (CII), Federation of Indian Chamber of Commerce (FICCI) എന്നിവയുമായി ചർച്ച നടത്തി വരികയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ നിക്ഷേപകരെ ആകർഷിക്കുന്നതുമായി ബന്ധപ്പെട്ട് കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനാണ് കിൻഫ്ര ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**

**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 1882**

**04.05.2017 - ൽ മറുപടിക്ക്.**

## കോട്ടക്കലിൽ വ്യവസായ പാർക്ക് ആരംഭിക്കുന്ന നടപടി

| ചോദ്യം<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | മറുപടി<br>ശ്രീ. എ. സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി). |
|---|---|
| (എ) കോട്ടക്കൽ കേന്ദ്രീകരിച്ച് വ്യവസായ പാർക്ക് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (എ) : |
| (ബി) ജില്ലാ വ്യവസായ കേന്ദ്രം ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ;വിശദമാക്കുമോ ; | (ബി) : (എ), (ബി) കോട്ടയ്ക്കൽ കേന്ദ്രീകരിച്ച് വ്യവസായ പാർക്ക് ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) ഐ.ടി. മേഖലയുമായി ബന്ധപ്പെട്ട വ്യവസായം ആരംഭിക്കുവാൻ എന്തെങ്കിലും പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ? | (സി) : ഇല്ല. |

സെക്ഷൻ ഓഫീസർ.

# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1885

04.05.2017-ൽ
മറുപടിയ്ക്ക്

## റാന്നിയിൽ റബ്ബർ പാർക്ക് പ്രാവർത്തികമാക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനക്ഷേമവും വകുപ്പ് മന്ത്രി) |
|---|---|
| എ) റാന്നിക്ക് പ്രഖ്യാപിച്ച റബ്ബർ പാർക്ക് പ്രാവർത്തികമാകാത്തത് എന്തുകൊണ്ടാണെന്നറിയിക്കാമോ; ഇതിനു ശേഷം പ്രഖ്യാപിച്ച പാർക്കുകൾപോലും യാഥാർത്ഥ്യമായപ്പോൾ റബ്ബർ ഉൽപ്പാദന കേന്ദ്രമായ റാന്നിയിലെ റബ്ബർ പാർക്ക് ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;<br><br>ബി) ആയിരക്കണക്കിന് ആളുകൾക്ക് പ്രത്യക്ഷമായും പരോക്ഷമായും ജോലി ലഭിക്കാവുന്ന റബ്ബർ പാർക്ക് യാഥാർത്ഥ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | എ) & ബി) കിൻഫ്രയും റബ്ബർ ബോർഡും സംയുക്തമായി ചേർന്ന് റാന്നിയിൽ ഒരു റബ്ബർ പാർക്ക് സ്ഥാപിക്കുന്നതിന് 2008-ൽ തന്നെ സർക്കാർ തീരുമാനിച്ചിരുന്നതാണ്. എന്നാൽ ഇതിനാവശ്യമായ ഭൂമി ലഭിക്കുന്നതിൽ വന്ന ചേർന്ന നിയമതടസ്സങ്ങളും, സമീപ പ്രദേശമായ ഐരാപുരത്ത് കിൻഫ്രയും റബ്ബർ ബോർഡും സംയുക്തമായി സ്ഥാപിച്ചിട്ടുള്ള റബ്ബർ പാർക്കിന്റെ പ്രയോജനം ഈ മേഖലയിലും ലഭ്യമാണ് എന്നും കണ്ടതിനാൽ പ്രസ്തുത പാർക്കിന്റെ പ്രവർത്തനം അടിയന്തര സ്വഭാവത്തിൽ നടപ്പിലാക്കേണ്ട സാഹചര്യമില്ലെന്ന് കിൻഫ്ര അറിയിക്കുകയുണ്ടായി. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത സംരംഭം പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചു കൂട്ടുകയുണ്ടായി. എ.വി.റ്റി. കമ്പനിയുടെ അധീനതയിൽ ലഭ്യമായിട്ടുള്ള ഭൂമിയിൽ ഉദ്ദേശം 500 ഏക്കറോളം പുറമ്പോക്കാണെന്നും പ്രസ്തുത സ്ഥലം റബ്ബർ പാർക്കിന് യോഗ്യമാണോ എന്ന് പരിശോധിച്ച് സാധ്യതാ പഠനം നടത്തി റിപ്പോർട്ട് നല്കുന്നതിന് കിൻഫ്രയുടെയും റവന്യൂ വകുപ്പിന്റെയും ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തിക്കൊണ്ട് പ്രസ്തുത യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. തുടർന്ന് കിൻഫ്ര ഒരു പ്രാഥമിക പഠനം നടത്തി റിപ്പോർട്ട് നല്കുകയുണ്ടായെങ്കിലും പ്രസ്തുത പ്രോജക്ടിന്റെ സാമ്പത്തിക സാദ്ധ്യതകളും, വാണിജ്യ സാമൂഹ്യ കാർഷിക മേഖലകളിൽ ഈ പ്രോജക്ട് വഴി ഉണ്ടായേക്കാവുന്ന പുരോഗതിയും അതോടൊപ്പം സംജാതമായേക്കാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും സമഗ്രമായി വിലയിരുത്തപ്പെട്ടിരുന്നില്ല. ഈ സാഹചര്യത്തിൽ പ്രൊഫഷണൽ സ്വഭാവത്തോടു കൂടിയ ഒരു സമഗ്ര പഠനം നടത്തി റിപ്പോർട്ട് നല്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചതിനു ശേഷം മാത്രമെ ഇക്കാര്യത്തിൽ തുടർ നടപടികൾ സാധ്യമാവുകയുള്ളു. |

സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.1886

04.05.2017-ൽ
മറുപടിയ്ക്ക്

## സംസ്ഥാനത്തെ കിൻഫ്ര പാർക്കുകൾ

| ചോദ്യം<br>ശ്രീ.പി.ഉണ്ണി | | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനക്ഷേമവും വകുപ്പ് മന്ത്രി) |
|---|---|---|
| എ) സംസ്ഥാനത്തെ കിൻഫ്ര പാർക്കുകളുടെ വ്യവസായ/ജല വിതരണ പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി ഈ സാമ്പത്തിക വർഷം എത്ര തുക ചെലവഴിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്; വിശദാംശം ലഭ്യമാക്കാമോ; | എ) | സംസ്ഥാനത്തെ കിൻഫ്ര പാർക്കുകളുടെ വ്യവസായ/ജല വിതരണ പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി ഈ സാമ്പത്തിക വർഷം 5 കോടി രൂപ ചെലവഴിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. പാലക്കാട് ജില്ലയിലെ ജല വിതരണ പദ്ധതിയും എറണാകുളം ജില്ലയിലെ കാക്കനാടുള്ള ജലവിതരണ പദ്ധതിയുമാണ് ഈ സാമ്പത്തിക വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ജലവിതരണ പദ്ധതികൾ. |
| ബി) പാലക്കാട് ജില്ലയിലെ ഏതെല്ലാം കിൻഫ്ര പാർക്കുകളെ നവീകരിക്കുവാനാണ് പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ? | ബി) | പാർക്കുകളെ നവീകരിക്കാൻ കിൻഫ്രക്ക് പദ്ധതിയില്ല. എന്നാൽ ഒറ്റപ്പാലത്തെ ഡിഫെൻസ് പാർക്കിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും, പാലക്കാട്ട് കിൻഫ്ര സ്ഥാപിച്ചിട്ടുള്ള വ്യവസായ പാർക്കിലേക്ക് സംരംഭകർക്ക് ആവശ്യമുള്ള ജലം ലഭ്യമാക്കുന്നതിനുള്ള വ്യവസായ ജലവിതരണ പദ്ധതികളുമായി ബന്ധപ്പെട്ട വികസനപ്രവർത്തനങ്ങളുമാണ് കിൻഫ്ര പ്രധാനമായും നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1888

04.05.2017-ൽ മറുപടിയ്ക്ക്

## പത്തനംതിട്ട ജില്ലയിൽ പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ

| ചോദ്യം<br>ശ്രീമതി വീണാ ജോർജ്ജ് | | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനക്ഷേമവും വകുപ്പ് മന്ത്രി) |
|---|---|---|
| എ) | പത്തനംതിട്ട ജില്ലയിൽ പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ ഏതൊക്കെയാണ്; വിശദമാക്കാമോ; | |
| ബി) | പൂട്ടിക്കിടക്കുന്ന സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കുവാൻ നടപടി സ്വീകരിക്കുമോ; | എ), ബി), സി), & ഡി) വിവരം ശേഖരിച്ചു വരുന്നു |
| സി) | സ്ഥാപനങ്ങൾ പൂട്ടിയതുകാരണം എത്രപേർക്ക് ജോലി നഷ്ടമായിട്ടുണ്ട്; | |
| ഡി) | പൂട്ടിക്കിടക്കുന്ന സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ എത്ര രൂപയുടെ സാമ്പത്തിക ബാധ്യത ഉണ്ടാകും എന്നറിയിക്കാമോ? | |

സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 1898 04.05.2017- ൽ മറുപടിക്ക്**

**സ്കൂൾ വിദ്യാർത്ഥികൾക്ക് കൈത്തറി യൂണിഫോം നൽകുന്ന പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അൻവർ സാദത്ത്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.വി.എസ്.ശിവകുമാർ | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) സംസ്ഥാനത്തെ കൈത്തറി വ്യവസായത്തെ രക്ഷപ്പെടുത്തുവാൻ ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ് ; വിശദമാക്കുമോ; | (എ) 1) സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി.<br>2) പ്രാഥമിക കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം.<br>3) ഹാന്റക്സ്, ഹാൻവീവ് എന്നിവയിലെ ഓഹരി പങ്കാളിത്തം.<br>4) നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി.<br>5) ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ.<br>6) കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ/ഹാന്റ്ലൂം ബിസിനസ് ഇൻക്യുബേറ്റർ.<br>7) നെയ്ത്തുകാർക്കും മറ്റു തൊഴിലാളികൾക്കുമുള്ള പ്രചോദന പരിപാടി/കൈത്തറി തൊഴിലാളികൾക്കുള്ള ഉൽപ്പാദന പ്രോത്സാഹന ധനസഹായം.<br>8) കൈത്തറി ഗ്രാമവും സമഗ്ര കൈത്തറി ഗ്രാമവും സ്ഥാപിക്കൽ.<br>9) അംശദാന സമ്പാദ്യ പദ്ധതി.<br>10) കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (മഹാത്മാഗാന്ധി ബുങ്കർ ബീമാ യോജന).<br>11) വിപണന കയറ്റുമതി പ്രോത്സാഹനം.<br>12) കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും.<br>13) പരിശീലനം, നൈപുണ്യം, ശേഷി വികസനം.<br>14) കൈത്തറിയുടെ പ്രചാരണം, പരിശീലനം, പഠനം, കൈത്തറി മാർക്ക് സ്കീമിന്റെ പ്രചാരണ സഹായം. |

(ബി) സംസ്ഥാനത്തെ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് കൈത്തറി യൂണിഫോം നൽകുന്ന പദ്ധതിയുടെ അവസ്ഥ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് മേഖലയിൽ പഠിക്കുന്ന 1 മുതൽ 8 വരെയുള്ള സ്കൂൾ കുട്ടികൾക്ക് 2017 അദ്ധ്യയന വർഷം മുതൽ സൗജന്യമായി കൈത്തറി തുണി സ്കൂൾ യൂണിഫോമിന് നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ പ്രാരംഭ നടപടികൾ ആരംഭിക്കുകയും ഇതിലേക്ക് ഏകദേശം 130 ലക്ഷം മീറ്റർ തുണിയുടെ ആവശ്യം വരുമെന്ന് കണക്കാക്കുകയും ചെയ്തു. എന്നാൽ വിശദമായ വിലയിരുത്തലിൽ സംസ്ഥാനത്തെ കൈത്തറി മേഖലയിൽ തൊഴിലെടുക്കുന്നവരുടെ എണ്ണത്തിലുള്ള കുറവും സമയ ദൗർലഭ്യവും കാരണം നിശ്ചിത ലക്ഷ്യം നിശ്ചിത സമയപരിധിക്കുള്ളിൽ കൈവരിക്കുവാൻ കഴിയില്ലായെന്ന് കണ്ടെത്തിയതിനാൽ സംസ്ഥാനത്തെ ഒന്നു മുതൽ അഞ്ചു വരെയുള്ള സർക്കാർ സ്കൂളുകളിൽ മാത്രം സൗജന്യമായി സ്കൂൾ യൂണിഫോം കൈത്തറി വസ്ത്രത്തിൽ നൽകിയാൽ മതിയെന്നു തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതി ലക്ഷ്യം 92.5 ലക്ഷം മീറ്റർ തുണിയായി പുതുക്കി നിശ്ചയിക്കപ്പെട്ടു. തുണി ചായം മുക്കുന്നതിനു വേണ്ടി തമിഴ്നാട് കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ പ്രൊസസിംഗ് മില്ലിൽ (റ്റി.സി.റ്റി.പി) നിന്നും ചായം മുക്കി ലഭിക്കുന്ന തുണി യൂണിഫോമിനായി മേയ് 15 നകം എല്ലാ സ്കൂളുകളിലും എത്തിക്കാനുള്ള ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) പദ്ധതിയനുസരിച്ച് ഏതെല്ലാം കുട്ടികൾക്കാണ് യൂണിഫോം നൽകാൻ ലക്ഷ്യമിട്ടിരുന്നതെന്ന് വിശദമാക്കുമോ;

(സി) സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയനുസരിച്ച് 1 മുതൽ 8 ക്ലാസുകൾ വരെയുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്ക് കൈത്തറി തുണിയിൽ യൂണിഫോം നൽകാനാണ് ലക്ഷ്യമിട്ടിരുന്നത്.

(ഡി) ഇതനുസരിച്ച് അടുത്ത അദ്ധ്യയന വർഷം മുതൽ എല്ലാ വിദ്യാർത്ഥികൾക്കും സ്കൂൾ യൂണിഫോം നൽകുന്നതിന് എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ; വിവരിക്കുമോ?

(ഡി) അടുത്ത സ്കൂൾ അദ്ധ്യയന വർഷത്തേക്കുള്ള തുണി ഉൽപാദിപ്പിക്കാനുള്ള തുടർച്ചയായ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. 3000 നെയ്ത്തുകാരെ ഉൾപ്പെടുത്തി 20 ലക്ഷം മീറ്റർ തുണി ഉൽപാദിപ്പിക്കുവാൻ ഈ വർഷം ലക്ഷ്യമിടുന്നു. ഏതു ക്ലാസു വരെയുള്ള വിദ്യാർത്ഥികൾക്ക് ഇതു നൽകുമെന്നത് തീരുമാനിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ
# അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 1899** **04.05.2017- ൽ മറുപടിക്ക്**

## കൈത്തറി മേഖലയെ ശക്തിപ്പെടുത്തുന്നതിനായി നടപടികൾ

| ചോദ്യം<br>ശ്രീ.പി.ഉണ്ണി | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ കൈത്തറി മേഖലയെ ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) കൈത്തറി മേഖലയെ ശക്തിപ്പെടുത്തുന്നതിനായി സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് 2 ജോഡി കൈത്തറി യൂണിഫോം സൗജന്യമായി നൽകുന്ന പദ്ധതി രൂപീകരിച്ചു. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് യൂണിഫോം നൽകുക എന്നതിനു പുറമേ കൈത്തറി മേഖലയിലെ നെയ്ത്തുകാർക്ക് വർഷത്തിൽ കുറഞ്ഞത് 200 ദിവസമെങ്കിലും ജോലി നൽകി അവരുടെ വേതനം വർദ്ധിപ്പിക്കാനും ലക്ഷ്യമിട്ടിരിക്കുന്നു.<br><br>2017-18 വർഷത്തിൽ ഒരു വീട്ടിൽ ഒരു തറി പദ്ധതി നടപ്പിലാക്കുന്നു. ടി പദ്ധതിയിലൂടെ തറി സ്ഥാപിക്കാൻ കഴിവില്ലാത്തതും എന്നാൽ ഒരു അംഗത്തിനെങ്കിലും നെയ്ത്ത് അറിയാവുന്നതുമായ ഓരോ വീട്ടിലും തറി സ്ഥാപിക്കാൻ ചെലവിന്റെ 75% സർക്കാർ സഹായം നൽകും. ഇതു വഴി കൈത്തറി മേഖലയിൽ കൂടുതൽ പേരെ ആകർഷിക്കുവാൻ സാധിക്കും.<br><br>പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കും നെയ്ത്തുകാർക്കും നെയ്ത്തിലുള്ള നൈപുണ്യം മെച്ചപ്പെടുത്തുന്നതിനും ഉൽപാദന ശേഷി വർദ്ധിപ്പിക്കുന്നതിനും വേണ്ടി നെയ്ത്ത് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുഖേന ആവശ്യമനുസരിച്ച് ഒരു പ്രദേശത്ത് പരിജ്ഞാനം ലഭിച്ച ഒരു ഡിസൈനറെ വീതം ഉൾപ്പെടുത്തി ഒരു വർഷത്തേക്ക് പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നു. |

| | | |
|---|---|---|
| | | 'കേരള കൈത്തറി' എന്ന പേരിൽ പ്രത്യേക ബ്രാന്റോടു കൂടിയ നിലവാരത്തിലുള്ള കൈത്തറി ഉൽപന്നങ്ങൾക്കും, കേരള ഹാന്റ്ലൂം. വിൽപ്പനശാലകൾക്കും ധനസഹായം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരമേറ്റെടുക്കുമ്പോൾ കൈത്തറി റിബേറ്റ് കുടിശ്ശിക എത്ര ഉണ്ടായിരുന്നു; 31.03.2016-ലെ കണക്ക് വ്യക്തമാക്കുമോ; | (ബി) 31.03.2016 ൽ ഉണ്ടായിരുന്ന കൈത്തറി റിബേറ്റ് കുടിശ്ശിക തുക 25.32 കോടി രൂപ ആയിരുന്നു. ഈ സർക്കാർ അധികാരമേൽക്കുമ്പോഴും മേൽ പറഞ്ഞ തുക തന്നെയായിരുന്നു റിബേറ്റ് കുടിശ്ശിക. |
| (സി) | സംസ്ഥാനത്തെ പൂട്ടിക്കിടക്കുന്ന കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ തുറന്ന് പ്രവർത്തിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; എത്ര സംഘങ്ങൾ തുറന്ന് പ്രവർത്തിച്ചു; വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ? | (സി) സംസ്ഥാനത്തെ പൂട്ടിക്കിടക്കുന്ന കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ തുറന്ന് പ്രവർത്തിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ ജില്ലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

**തിരുവനന്തപുരം**

തിരുവനന്തപുരം ജില്ലയിൽ 263 കൈത്തറി സഹകരണസംഘങ്ങൾ പ്രവർത്തിക്കുകയും 21 എണ്ണം പൂട്ടികിടക്കുന്നു. പൂട്ടിക്കിടക്കുന്ന സംഘങ്ങൾ ഒന്നും തുറന്ന് പ്രവർത്തിച്ചിട്ടില്ല.

**കൊല്ലം**

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കൊല്ലം ജില്ലയിൽ 4 കൈത്തറി സംഘങ്ങളായ(പവിത്രേശ്വരം HWICS Ltd No.QH7, കുളത്തുപ്പുഴ HWICS Ltd No. QH.20, പുതുശ്ശേരി HWICS Ltd No.8, മുള്ളുവിള HWICS Ltd No.QH 6) സംഘങ്ങൾ പ്രവർത്തനരഹിതമായിരുന്നു. സൗജന്യ സ്കൂൾ യൂണിഫോം പദ്ധതയിൽ ടി സംഘങ്ങളെ ഉൾപ്പെടുത്തുകയും തറി മെയിന്റനൻസിനും മറ്റും തുക അനുവദിച്ച് നൽകി നെയ്ത്തിന് ആവശ്യമായ നൂൽ ഉൾപ്പെടെയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുകയും ചെയ്തു. ടി സംഘങ്ങളിൽ 32 നെയ്ത്തുകാരാണ് യൂണിഫോം നെയ്ത്തിൽ ഏർപ്പെട്ടിരിക്കുന്നത്. ടി സംഘങ്ങളിൽ മറ്റ് ഉൽപ്പന്നങ്ങൾ നെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**പത്തനംതിട്ട**

ജില്ലയിൽ 4 കൈത്തറി സംഘങ്ങളാണ് പൂട്ടിക്കിടക്കുന്നത്. സ്കൂൾ യൂണിഫോം പദ്ധതി വന്നതിനു ശേഷം 2 സംഘങ്ങൽ തുറന്നുപ്രവർത്തിക്കുന്നതിന് സന്നദ്ധരായിട്ടുണ്ട്. മേൽ സംഘങ്ങളുടെ വർക്ക്ഷെഡും ഓഫീസ് കെട്ടിടവും തകർന്ന അവസ്ഥയിലാണ്. അവയുടെ പുനരുദ്ധാരണം നടത്തുന്നതിനായി പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ആലപ്പുഴ**

ആലപ്പുഴ ജില്ലയിൽ പൂട്ടികിടന്നിരുന്ന ഒരു സംഘം(ഹരിപ്പാട് ഹരിജൻ വനിത കൈത്തറി നെയ്ത്ത് വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ എ.(എച്ച്.2) അഡ്മിനിസ്ട്രേറ്റർ ഭരണത്തിൽ നിന്നും തിരഞ്ഞെടുപ്പ് നടത്തി തുറന്നു പ്രവർത്തിച്ചു വരുന്നു.

**കോട്ടയം**

കോട്ടയം ജില്ലയിൽ ആകെ രജിസ്റ്റർ ചെയ്ത 11 സംഘങ്ങളിൽ 3 എണ്ണം ലികിഡേഷൻ നടപടിയിലാകുകയും, മറ്റു സംഘങ്ങളിൽ മുൻ വർഷങ്ങളിൽ മറവൻതുരുത്ത് കൈത്തറി നെയ്ത്ത് സഹകരണ സംഘം നമ്പർ 3504 മാത്രമേ പ്രവർത്തിച്ചിരുന്നുള്ളു. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ വൈക്കം കൈത്തറി നെയ്ത്ത് സഹകരണ സംഘം, ബ്രഹ്മമംഗലം കൈത്തറി നെയ്ത്ത്

സഹകരണ സംഘം, ചങ്ങനാശ്ശേരി താലൂക്ക് കൈത്തറി നെയ്ത്ത് സഹകരണ സംഘം എന്നിവയിൽ കമ്മിറ്റി/അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി രൂപീകരിക്കുകയും നെയ്ത്തുകാരെ നേരിൽ കാണുകയും സംഘം പുനരുദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. അപ്രകാരം താഴെ പറയുന്ന പ്രകാരം തറികൾ പ്രവർത്തിച്ചു തുടങ്ങി.

മറവൻതുരുത്ത് കൈത്തറി നെയ്ത്ത് സഹകരണ സംഘം-37,

വൈക്കം കൈത്തറി നെയ്ത്ത് സഹകരണ സംഘം-10,

ബ്രഹ്മമംഗലം കൈത്തറി നെയ്ത്ത് സഹകരണ സംഘം-3,

ചങ്ങനാശ്ശേരി താലൂക്ക് കൈത്തറി നെയത്ത് സഹകരണ സംഘം-4,

അതിരമ്പുഴ ഓണം തുരുത്ത് വില്ലേജ് കൈത്തറി നെയ്ത്ത് സഹകരണ സംഘം-5,

സ്വകാര്യ നെയ്ത്തുകാർ - 4

ആകെ - 63 തറികൾ പ്രവർത്തനക്ഷമമാക്കി. സംഘങ്ങളിലെ തറി റിപ്പയറിംഗ് വ്യക്തിഗത വർക്ക്ഷെഡുകൾ എന്നിവയ്ക്കായി ധനസഹായം നൽകി. നൂലും കൂലിയും നെയ്ത്തുകാർക്ക് നേരിട്ട് നൽകിവരുന്നു. മറവൻതുരുത്ത് കൈത്തറി നെയ്ത്ത് സഹകരണ സംഘം പുനരുദ്ധീകരിക്കുന്നതിനായി ഇ.എസ്.ഐ കുടിശ്ശിക അടച്ചുതീർക്കുകയും തറി നന്നാക്കുന്നതിന് അധിക തുക അനുവദിക്കുകയും ചങ്ങനാശ്ശേരി സഹകരണ സംഘത്തിനെതിരെ ഉണ്ടായിരുന്ന ആർ.ആർ നടപടി, കോടതി കേസ് എന്നിവ ഒത്തുതീർപ്പാക്കി സംഘം പുനരുദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. തൃക്കൊടിത്താനം കൈത്തറി നെയ്ത്ത് സഹകരണസംഘം കാരിത്താസ് സഹകരണസംഘം പുനരുദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

**<u>ഇടുക്കി</u>**

ഇടുക്കി ജില്ലയിൽ പൂട്ടിക്കിടക്കുന്ന 7 കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ തുറന്നുപ്രവർത്തിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുവെങ്കിലും തൊഴിലാളികളുടെ അഭാവം കാരണം നാളിതുവരെ തുറന്നുപ്രവർത്തിപ്പിക്കാൻ സാധിച്ചിട്ടില്ല.

**<u>എറണാകുളം</u>**

എറണാകുളം ജില്ലയിൽ പൂട്ടി കിടക്കുന്ന കൈത്തറി സംഘങ്ങളുടെ ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. സ്ക്കൂൾ യൂണിഫോം പദ്ധതിയുമായി ബന്ധപ്പെട്ട് കോട്ടപുറം കൈത്തറി നെയ്ത്ത് സഹകരണ സംഘം(ഇ) 93 പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലയിൽ സംഘങ്ങൾ ഒന്നും തന്നെ തുറന്ന് പ്രവർത്തിച്ചിട്ടില്ല.

__തൃശ്ശൂർ__

സംസ്ഥാന സർക്കാരിന്റെ സൗജന്യ സ്ക്കൂൾ യൂണിഫോം പദ്ധതിയുമായി ബന്ധപ്പെട്ട് പൊയ്യ, പൂമംഗലം എന്നീ കൈത്തറി നെയ്ത്ത് വ്യവസായ സഹകരണ സംഘങ്ങൾ തുറന്ന് പ്രവർത്തിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു. പൂട്ടിക്കിടന്ന പൊയ്യ സംഘത്തിലെ 5 തറികൾ മേൽ പദ്ധതി പ്രകാരമുള്ള ധനസഹായം കൊണ്ട് അറ്റകുറ്റപ്പണികൾ നടത്തി നവീകരിക്കുകയും, നല്ല രീതിയിൽ നെയ്ത്ത് നടന്നുവരികയുമാണ്. പൂമംഗലം സംഘത്തിൽ മെമ്പർമാരെ കണ്ടെത്തി യോഗം വിളിച്ചുചേർത്ത് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി രൂപീകരിക്കുകയും, തുടർന്ന് സംസ്ഥാന സഹകരണ ഇലക്ഷൻ കമ്മീഷൻ തെരഞ്ഞെടുപ്പ് നടത്തി ഭരണസമിതി അംഗീകാരത്തിൽ വന്നിട്ടുള്ളതും, സംഘത്തിൽ ഉത്പാദനം ആരംഭിക്കുന്നതിനുള്ള നടപടികൾ നടത്തിവരുന്നു.

തൃശ്ശൂർ ജില്ലയിലെ പൂട്ടിക്കിടന്നിരുന്ന 5 കൈത്തറി സഹകരണ സംഘങ്ങളിൽ 2 സംഘങ്ങൾ-

(1)പൊയ്യ കൈത്തറി നെയ്ത്ത് സഹകരണ സംഘം ലിമി.നം.146

(2)പൂമംഗലം കൈത്തറി നെയ്ത്ത് സഹകരണ സംഘം ലിമി.നം.3383 എന്നിവ തുറന്നു പ്രവർത്തിച്ചു.

പാലക്കാട്

__പാലക്കാട്__ ജില്ലയിൽ 16 കൈത്തറി സംഘങ്ങൾ പൂട്ടികിടക്കുകയും 14 സംഘങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നു. പൂട്ടികിടക്കുന്ന സംഘങ്ങൾ തുറന്നുപ്രവർത്തിക്കുന്നതിനായി നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

__കോഴിക്കോട്__

കോഴിക്കോട് ജില്ലയിൽ പ്രവർത്തനക്ഷമമല്ലാത്ത 3 ഫാക്ടറികൾ 2016-17 സാമ്പത്തിക വർഷത്തിൽ ഉണ്ടായിരുന്നു.അതിൽ ചെറുവണ്ണൂർ കൈത്തറി നെയ്ത്തു സംഘം, ആവല, മേപ്പയൂർ, മഹാത്മഗാന്ധി കൈത്തറി നെയ്ത്ത് സഹകരണസംഘം, കുറുവങ്ങാട്, കൊയിലാണ്ടി എന്നീ സംഘങ്ങൾ സ്കൂൾ കൈത്തറി യൂണിഫോം പദ്ധതിയിൽ പങ്കാളിയായി തുണി ഉല്പാദനം നടത്തുന്നുണ്ട്. മറ്റൊരു സംഘമായ കാലിക്കറ്റ് ഹരിജൻ വീവേഴ്സ് സംഘം ലിക്വിഡേഷനിലുമാണ്.

__കണ്ണൂർ__

പൂട്ടികിടന്ന കണ്ണാടിപ്പറമ്പ് നെയ്ത്ത് വ്യവസായ സഹകരണത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി സംഘത്തിന്റെ ആസ്തി ബാധ്യതകൾ തീർക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്.

പൂട്ടിക്കിടക്കുന്ന മറ്റു സംഘങ്ങളുടെ 65 എൻക്വയറി നടപടികൾ നടന്നുവരുന്നുണ്ട്.

## മലപ്പുറം

മലപ്പുറം ജില്ലിയിൽ 12 കൈത്തറി സംഘങ്ങളാണ് ആകെയുള്ളത്. അതിൽ 3 എണ്ണം ലിക്വിഡേഷൻ നടപടികളിലാണ്. ബാക്കി 9 എണ്ണത്തിൽ 2 എണ്ണം പ്രവർത്തനം ആരംഭിക്കാൻ സാധ്യതയില്ലാത്ത അവസ്ഥയിലാണ്. പൂട്ടികിടന്നിരുന്ന കേരളാധീശ്വരപുരം വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന സംഘത്തിലെ തറികൾ പൂർണ്ണമായും റിപ്പയർ ചെയ്ത് 10 തറികളിൽ സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി പ്രകാരം നെയ്ത്ത് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 5 വർഷമായി അടഞ്ഞുകിടക്കുന്ന പള്ളിക്കൽ വീവേഴ്സ് എന്ന സംഘം ഉപയോഗ ശൂന്യമായ മറ്റു തറികൾ റിപ്പയർ പ്രവർത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള സംഘങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ചെയ്തുവരുന്നു.

## വയനാട്

വയനാട് ജില്ലയിൽ പൂട്ടിക്കിടക്കുന്ന ഒരു കൈത്തറി നെയ്ത്ത് സഹകരണ സംഘമാണ് ജില്ലയിൽ ഉള്ളത് പ്രസ്തുത സംഘം തുറന്ന് പ്രവർത്തിക്കുന്നതിന് സംഘത്തിന്റെ യോഗം വിളിച്ച് ചേർക്കുകയും ഭരണ സമിതി രൂപീകരിക്കുന്നതിനും സംഘം റിവൈവൽ ചെയ്യുന്നതിനും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട് . തുടർ നടപടികൾ സ്വീകരിച്ച് വരികയുമാണ്.

## കാസർഗോഡ്

കാസർഗോഡ് ജില്ലയിൽ 7 കൈത്തറി സംഘങ്ങൾ പ്രവർത്തിക്കുകയും അടഞ്ഞുകിടക്കുന്ന ഒരു സംഘം തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ (പരിശീലന പദ്ധതിയിലൂടെ ആരംഭിച്ചിട്ടുണ്ട്).

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 1900

04/05/2017 ൽ മറുപടിയ്ക്ക്

## ഖാദി ബോർഡിന്റെ സ്ഥലം കെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടി

**ചോദ്യം**
**ശ്രീ.ബി.ഡി.ദേവസ്സി**

**ഉത്തരം**
**ശ്രീ.എ.സി.മൊയ്തീൻ**
**(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ചാലക്കുടി മണ്ഡലത്തിലെ പരിയാരം വില്ലേജിൽ മെയിൻറോഡിനോട് ചേർന്നു കിടക്കുന്ന ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം കെട്ടി സംരക്ഷിക്കുന്നതിനും പ്രസ്തുത സ്ഥലത്ത് അനുയോജ്യമായ പദ്ധതി നടപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (എ) | ചാലക്കുടി മണ്ഡലത്തിലെ പരിയാരം വില്ലേജിൽ മെയിൻറോഡിനോട് ചേർന്നു കിടക്കുന്ന പ്രസ്തുത സ്ഥലം ഖാദി ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്തിരുന്ന, ഒരു സംഘത്തിന്റെ പേരിൽ ഉള്ളതാണ്. ടി സംഘം നിലവിൽ ലിക്വിഡേറ്റ് ചെയ്തിട്ടുള്ളതും സംഘത്തിന്റെ പേർക്കുള്ള പ്രസ്തുത സ്ഥലം കേരള ഖാദി ബോർഡ് ചെയർമാന്റെ പേർക്ക് മാറ്റുന്നതിനുള്ള നടപടിയിലുമാണ്. ഈ സ്ഥലം ഖാദി ബോർഡിന്റെ ഉടമസ്ഥതയിലാകുന്ന മുറയ്ക്ക് ആയത് കെട്ടി സംരക്ഷിക്കുന്നതിനും അവിടെ അനുയോജ്യമായ പദ്ധതി നടപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 1901** 04/05/2017 ൽ മറുപടിയ്ക്ക്

**ആലത്തൂർ നിയോജക മണ്ഡലത്തിൽഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള യൂണിറ്റുകൾ**

**ചോദ്യം**

**ശ്രീ.കെ.ഡി.പ്രസേനൻ**

**ഉത്തരം**

**ശ്രീ.എ.സി.മൊയ്തീൻ**

**(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ആലത്തൂർ നിയോജക മണ്ഡലത്തിൽ ഖാദി ബോർഡിന്റെ ഉടമസ്ഥതയിൽ ഏതെല്ലാം യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നുള്ള വിശദവിവരങ്ങൾ നൽകാമോ ; | (എ) | ആലത്തൂർ നിയോജക മണ്ഡലത്തിൽ ഖാദി ബോർഡിന്റെ ഉടമസ്ഥതയിൽ മലക്കുളം, പുള്ളോട്,കിഴക്കഞ്ചേരി, മേലാർക്കോട്, ചിതലി, കളപ്പെട്ടി എന്നീ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. |
| (ബി) | മണ്ഡലത്തിൽ പുതിയ യൂണിറ്റുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1902 | 04.05.2017 ൽ മറുപടിയ്ക്ക്

## "ഓപ്പറേഷൻ ഒളിമ്പ്യ" പദ്ധതി

ചോദ്യം

ശ്രീ.വി.ഡി.സതീശൻ

ശ്രീ. കെ.മുരളീധരൻ

ശ്രീ.അനിൽ അക്കര

ശ്രീ.അനൂപ് ജേക്കബ്

ഉത്തരം

ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | ഒളിമ്പിക്സിൽ രാജ്യത്തിന് മികച്ച താരങ്ങളെ സംഭാവനചെയ്യുന്നതിന് "ഓപ്പറേഷൻ ഒളിമ്പ്യ" എന്ന പേരിൽ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; | എ) | ഉണ്ട്. 2020-2024 ലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി തിരഞ്ഞെടുത്ത 11 കായിക ഇനങ്ങളിൽ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് **"ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി"**. |
| ബി) | ഏതൊക്കെ മത്സര ഇനങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | ബി) | ആർച്ചറി, അത്ലറ്റിക്സ്, ബാഡ്മിന്റൺ (ഷട്ടിൽ), ബോക്സിംഗ്, കനോയിംഗ് & കയാക്കിംഗ്, സൈക്ലിംഗ്, ഫെൻസിംഗ്, റോവിംഗ്, ഷൂട്ടിംഗ്, സ്വിമ്മിംഗ്, റസ്‌ലിംഗ് എന്നീ കായിക ഇനങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| സി) | കേരളത്തിലെ ഒളിമ്പ്യന്മാരെ സംസ്ഥാനത്തെ സ്പോർട്സ് കൗൺസിലിന്റെ പരിശീലകരായി നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എത്രപേരെയാണ് ഇതു പ്രകാരം നിയമിക്കുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | സി) | ഉണ്ട്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ സ്കൂൾ/കോളേജ്/സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലിലെ കായിക താരങ്ങൾക്ക് വിദഗ്ധ പരിശീലനം നൽകുന്നതിനായി കേരളത്തിൽ നിന്നുള്ള ഒളിമ്പ്യന്മാരെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി പത്ര പരസ്യം നൽകിയിട്ടുണ്ട്. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ഇതു സംബന്ധിച്ച തുടർ നടപടികൾ സ്വീകരിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1904 — 04.05.2017 ൽ മറുപടിയ്ക്ക്

## എച്ച്.എ.റ്റി.സി ഗ്രൗണ്ടിന്റെ ശോചനീയാവസ്ഥ

ചോദ്യം

ശ്രീ.എസ്.രാജേന്ദ്രൻ

ഉത്തരം

ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | ദേവികുളം നിയോജക മണ്ഡലത്തിലെ മൂന്നാർ എച്ച്.എ.റ്റി.സി ഗ്രൗണ്ടിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | എങ്കിൽ പ്രസ്തുത ശോചനീയാവസ്ഥ പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) & സി) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നുള്ള ഒരു സബ് കമ്മിറ്റി എച്ച്.എ.റ്റി.സി മൂന്നാർ സന്ദർശിക്കുകയും, ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) | നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1907 04.05.2017 ൽ മറുപടിയ്ക്ക്

## സ്പോർട്സ് കോട്ട നിയമന മാനദണ്ഡം

ചോദ്യം

ശ്രീ.എൽദോ എബ്രഹാം

ഉത്തരം

ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | സർക്കാർ സർവ്വീസിൽ സ്പോട്സ് ക്വോട്ടയിൽ നിയമനം നൽകുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | എ) | 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള സ്പോർട്സ് ക്വാട്ടാ നിയമനവുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ നടന്നു വരുന്നു. താഴെ പറയും പ്രകാരം നേട്ടം കൈവരിച്ച കായിക താരങ്ങളെയാണ് സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി പരിഗണിക്കുന്നത്:<br>I) അംഗീകൃത അന്താരാഷ്ട്ര ഫെഡറേഷനുകൾ നടത്തിയിട്ടുള്ള ഒളിമ്പിക്സ്, ലോക കപ്പ്, ലോക യൂണിവേഴ്സിറ്റി ഗെയിംസ്, കോമൺവെൽത്ത് ഗെയിംസ്, ഏഷ്യൻ ഗെയിംസ്, സാഫ് ഗെയിംസ് എന്നിവയിൽ കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ ഭാരതത്തെ പ്രതിനിധാനം ചെയ്ത ടീമിലെ അംഗമായിരിക്കുകയും വ്യക്തിഗത ഇനങ്ങളിലോ ടീം ഇനങ്ങളിലോ ഒന്നോ രണ്ടോ മൂന്നോ സ്ഥാനം നേടി വിജയികളാകുകയും ചെയ്തവർ.<br>II) രാജ്യത്തെ പ്രതിനിധാനം ചെയ്ത് മുകളിൽ പറഞ്ഞ അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ളവർ.<br>III) സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കായിക ഇനങ്ങളിൽ പങ്കെടുത്ത് ഒന്നോ രണ്ടോ മൂന്നോ സ്ഥാനം നേടി വിജയികളായ കേരള സംസ്ഥാന ടീമിലെ അംഗങ്ങൾ.<br>iv) കൂടാതെ വിജ്ഞാപനം ചെയ്തിട്ടുള്ള തസ്തികകളിലേയ്ക്ക് ആവശ്യമായ മിനിമം വിദ്യാഭ്യാസ യോഗ്യത. വിശദാംശങ്ങൾ 07.12.2015 ലെ വിജ്ഞാപനത്തിൽ ലഭ്യമാണ്. |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത നിയമനത്തിനായുള്ള എത്ര അപേക്ഷകൾ നിലവിലുണ്ടെന്നും ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും അറിയിക്കാമോ? | ബി) | 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി 1052 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. നിയമനം നൽകുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**